## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. *264

18 .08.2017-ൽ
മറുപടിയ്ക്ക്

## സർക്കാർ ഭൂമിയുടെ വിസ്തൃതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ടി. വി. ഇബ്രാഹിം<br>,,മഞ്ഞളാംകുഴി അലി<br>,,പി.കെ.ബഷീർ<br>,, എൻ .എ.നെല്ലിക്കുന്ന് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) സർക്കാർ അധീനതയിലുള്ള ഭൂമിയുടെ വിസ്തൃതി നാൾക്കുനാൾ കുറഞ്ഞു വരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ അതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) 1964-ലെ ഭൂമി പതിവ് നിയമം 1995-ലെ മുൻസിപ്പൽ കോർപ്പറേഷൻ ഭൂമി പതിവ് നിയമവും ചട്ടവും എന്നിവയനുസരിച്ച് കാർഷികാവശ്യങ്ങൾ, വീടു നിർമ്മാണം, അയൽ വസ്തുക്കളുടെ ഗുണപരമായ വിനിയോഗം എന്നീ കാരണങ്ങൾക്കായി സർക്കാരിന്റെ സേവന വകുപ്പുകളല്ലാത്ത മറ്റ് ഏജൻസികൾക്കും പൊതു മേഖലാ സ്ഥാപനങ്ങൾക്കും അവയുടെ വികസനവുമായി ബന്ധപ്പെട്ട് ഭൂമി പതിച്ചു നൽകാറുള്ളതിനാൽ സർക്കാർ അധീനതയിലുള്ള ഭൂമിയുടെ വിസ്തീർണ്ണം കുറഞ്ഞു വരുന്നുണ്ട്. |
| (സി) ഭൂമി നഷ്ടം ഒഴിവാക്കാൻ എന്തെങ്കിലും നടപടി നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ; ഇക്കാര്യത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ? | (സി) 1957-ലെ കേരള ഭൂസംരക്ഷണ നിയമം, 1958-ലെ ഭൂസംരക്ഷണ ചട്ടങ്ങൾ എന്നിവ അനുസരിച്ച് സർക്കാർ ഭൂമി കൈയ്യേറ്റക്കാരിൽ നിന്നും തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഭൂമികളിലെ കയ്യേറ്റം തടയുന്നതിനായി ജി. ഒ. (പി) 191/16/റവ. നമ്പർ സർക്കാർ ഉത്തരവ് |

പ്രകാരം ഗ്രാമ-പഞ്ചായത്ത്/മുൻസിപ്പൽ സെക്രട്ടറിമാർക്ക് കൂടി മജിസ്റ്റീരിയൽ അധികാരം ഒഴികെയുള്ള 1957-ലെ കേരള ഭൂ സംരക്ഷണ നിയമപ്രകാരമുള്ള കളക്ടറുടെ അധികാരം നൽകിയും സംസ്ഥാനത്തെ നിലവിലെ എല്ലാ കൈയ്യേറ്റങ്ങളും തടയുന്നതിനും ഭൂമി തിരികെ പിടിച്ച് എടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്.

സെക്ഷൻ ഓഫീസർ

BN